പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 543. 12-06-2012 ന് മറുപടിയ്ക്ക്

<u>കലവറ മണൽ വിതരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| വനം വകുപ്പിന്റെയും നിർമ്മിതിയുടെയും സംയുക്താഭിമുഖ്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കലവറ മണൽ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും സ്ഥാപനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ ? | തിരുവനന്തപുരം വനം ഡിവിഷനിലെ കുളത്തൂപ്പുഴ റെയിഞ്ചിൽപ്പെട്ട ചോഴിയക്കോട് / മിൽപ്പാലം കടവുകളിലെയും റാന്നി വനം ഡിവിഷനിലെ മുണ്ടോമൂഴി / തിരുവാലം കടവുകളിലെയും മണൽ, വനസംരക്ഷണ സമിതികൾ മുഖേന ശേഖരിച്ച് സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ കലവറ വിപണന കേന്ദ്രം വഴി വിതരണം ചെയ്യുന്ന സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. തിരുവനന്തപുരം വനം ഡിവിഷനിലെ ചോഴിയക്കോട് / മിൽപ്പാലം കടവുകളിൽ നിന്നും ശേഖരിച്ച മണൽ 2009 ഫെബ്രുവരി മുതൽ 2011 ജൂൺ വരെ കലവറ വഴി വിതരണം നടത്തി വരുന്നു. എന്നാൽ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന്റെ അഭിമുഖ്യത്തിൽ കലവറ വഴി മണൽ വിതരണം ചെയ്യുന്നതിലുണ്ടായ അപാകതകളും വന സംരക്ഷണ സമിതി |

അംഗങ്ങളുടെയും തദ്ദേശീയരായ വിവിധ
തൊഴിലാളി യൂണിയൻ സംഘടന കളുടെയും
ആവലാതികളും പരിഹരി ക്കുന്നതിനായി
നിലവിലുള്ള കലവറ സമ്പ്രദായം നിർത്ത-
ലാക്കുന്നതിനും, നിർമ്മിതി കേന്ദ്രത്തെ
ഒഴിവാക്കി കൊണ്ട് വനസംരക്ഷണ
സമിതിയുടെ സേവനം ഉപയോഗപ്പെടുത്തി
വനം വകുപ്പ് നേരിട്ട് മണൽ ശേഖരിച്ച്
ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന
തിനുള്ള സമഗ്രമായ പദ്ധതി നടപ്പിലാക്കു
വാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ